# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1416 07.06.2018ൽ മറുപടി നൽകേണ്ടത്.

### ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ഉന്നമനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ് | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, സെറിബ്രൽ പാൾസി എന്നീ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 33 തെരഞ്ഞെടുത്ത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയതിനുശേഷം ഈ മേഖലയുടെ സമഗ്രമായ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) & ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് പുറപ്പെടുവിച്ച 09.02.2016-ലെ സ.ഉ. (എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി പുനപരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകുന്ന കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷമെ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. 2017-2018 സാമ്പത്തിക വർഷം 13 കോടി രൂപ സാമ്പത്തിക സഹായമായി ടി സ്കൂളുകൾക്കായി അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2018-2019 വർഷം പ്രസ്തുത സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. |
| (ബി) | ബഡ്സ് സ്കൂളുകൾ അടക്കം ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളെയും സംബന്ധിച്ച സമഗ്രമായ പാക്കേജിന് ഇതിനോടകം രൂപം നൽകുവാൻ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചുവോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചുവോ; വിശദാംശങ്ങൾ നല്കുമോ; | (സി) | റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ഡി) | നടപ്പ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം പിന്നിടുന്നതിനു മുൻപുതന്നെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാൽ ആയത് പരിശോധിച്ച് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ